തിരുവനന്തപുരം സിറ്റി പോലീസ്

പത്രക്കുറിപ്പ്

# മോഷണശ്രമത്തിനിടെ കുപ്രസിദ്ധ മോഷ്ടാവും സംഘവും പിടിയിൽ

## കോവിഡ്-19

## നഗരത്തിലെ പുതിയ കണ്ടെയിൻമെന്റ് സോണായ പ്രദേശം അടച്ചു.

## വിലക്ക് ലംഘനം: 109 പേർക്കെതിരെ നിയമനടപടി 18,200/- രൂപ പിഴ ഈടാക്കി

തിരുവനന്തപുരം:- കട കുത്തി തുറന്ന് മോഷണത്തിന് പദ്ധതിയിട്ട് രാത്രി പതുങ്ങിയിരുന്ന മോഷണസംഘത്തെ പോലീസ് പിടികൂടിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. കുപ്രസിദ്ധ മോഷ്ടാവ് കയിൽ ബൈജു എന്ന് വിളിക്കുന്ന കാരോട് പുല്ലാറ്റുവിള അയണിക്കൽ പഴഞ്ഞി വീട്ടിൽ



കഴക്കൂട്ടം പോലീസ് അറസ്റ്റ് ചെയ്ത
ബൈജു @ കയിൽ ബൈജു(41), രതീഷ് @ പാച്ചൻ (32), മനോജ് @ മനു(33)

ബൈജു (41), നെയ്യാറ്റിൻകര കവളാകുളം ആർ.വി ഭവനിൽ

പാച്ചൻ എന്ന് വിളിക്കുന്ന രതീഷ് (32), വെൺപകൽ മണലിവിള പത്മവിലാസത്തിൽ മനു എന്ന് വിളിക്കുന്ന മനോജ് (33), എന്നിവരെയാണ് കഴക്കൂട്ടം പോലീസ് അറസ്റ്റ് ചെയ്തത്. നിരവധി മോഷണക്കേസ്സുകളിലെ പ്രതിയായ ബൈജുവിന്റെ നേതൃത്വത്തിലുള്ള സംഘം മോഷണത്തിന് പദ്ധതി തയ്യാറാക്കി ചെമ്പഴന്തി അപ്പൂസ് ബേക്കറിയ്ക്ക് സമീപം രാത്രി ഇരുട്ടിൽ പതുങ്ങിയിരിക്കുകയായിരുന്നു. സംഘത്തിൽ അഞ്ചുപേർ ഉണ്ടായിരുന്നു. പോലീസ് പട്രോളിംഗ് സംഘത്തെ കണ്ട് ഓടി രക്ഷപ്പെടാൻ ശ്രമിച്ച പ്രതികളിൽ മൂന്നുപേരെ പോലീസ് പിൻതുടർന്ന് ബലപ്രയോഗത്തിലൂടെ കീഴ്പ്പെടുത്തുകയായിരുന്നു. വാതിൽ കുത്തിപ്പൊളിക്കുന്നതിനായി കരുതിയിരുന്ന കമ്പിപ്പാരയും ഇവരിൽ നിന്ന് പിടിച്ചെടുത്തു. കൂടാതെ, ഇവരിൽ നിന്നും കണ്ടെടുത്ത അഞ്ച് മൊബൈൽ ഫോണുകളിൽ ഒന്ന് ശ്രീകാര്യം മീശമുക്കിലെ ഒരു കട കുത്തി തുറന്ന് മോഷണം ചെയ്തെടുത്തതാണെന്ന് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. മറ്റ് മൊബൈൽ ഫോണുകളുടെ ഐ.എം.ഇ.ഐ നമ്പരുകൾ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. മറ്റ് ജില്ലകളിലടക്കം നിരവധി മോഷണകേസ്സുകളിൽ പ്രതിയായ കുയിൽ ബൈജുവിന് തിരുവനന്തപുരം സിറ്റിയിൽ വഞ്ചിയൂർ, പേരൂർക്കട, തമ്പാനൂർ, മ്യൂസിയം, പേട്ട തുടങ്ങിയ സ്റ്റേഷനുകളിലും കേസ്സുകൾ നിലവിലുണ്ട്. കഴക്കൂട്ടം എസ്.എച്ച്.ഒ പ്രവീൺ, എസ്.ഐ-മാരായ സുരേഷ് ബാബു, ഗോപകുമാർ, സി.പി.ഒ-മാരായ സജാദ്, അൻസിൽ, അരുൺ, സുജിത് എന്നിവരടങ്ങിയ പോലീസ് സംഘമാണ് അന്വേഷണത്തിനും അറസ്റ്റിനും നേതൃത്വം നൽകിയത്. സംഘത്തിലെ ഓടി രക്ഷപ്പെട്ട മറ്റ് രണ്ടുപേരെ ഉടൻ പിടികൂടുമെന്ന് കമ്മീഷണർ അറിയിച്ചു.

## നഗരത്തിലെ പുതിയ മൈക്രോ കണ്ടെയിൻമെന്റ് സോൺ അടച്ച് സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തി.

നഗരത്തിലെ പുതിയ മൈക്രോ കണ്ടെയിൻമെന്റ് സോണായി പ്രഖ്യാപിച്ച വെങ്ങാനൂർ പഞ്ചായത്തിലെ വെള്ളാർ വാർഡിലെ ക്രാഫ്റ്റ് വില്ലേജ് ഏരിയ ഭാഗത്തേക്ക് കടന്നു വരുന്ന റോഡുകൾ അടച്ച് സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തി. ഇവിടേയ്ക്ക് ആരെയും പ്രവേശിക്കാൻ അനുവദിക്കില്ല. മെഡിക്കൽ ആവശ്യങ്ങൾക്ക് അല്ലാതെ ആരെയും പുറത്തേക്ക് വിടുന്നതുമല്ല. മെഡിക്കൽ സ്റ്റോറുകൾ ഈ സോണിൽ തുറന്നു പ്രവർത്തിക്കാം. അതുപോലെ പലചരക്ക്, പഴം-പച്ചക്കറി കടകൾ നിശ്ചിത സമയക്രമവും കർശനസുരക്ഷാ മാനദണ്ഡങ്ങളും പാലിച്ച് പ്രവർത്തിക്കാവുന്നതാണ്. ഇവിടങ്ങളിൽ യാതൊരുവിധ ഹോം-ഡെലിവറിയും അനുവദിക്കുന്നതല്ല. അത്യാവശ്യ മെഡിക്കൽ സേവനങ്ങൾക്കായി മാത്രമേ പുറത്തു പോകുന്നതിനും അകത്തേക്ക് വരുന്നതിനും അനുവദിക്കുകയുള്ളൂ.

## കോവിഡ്-19 സുരക്ഷ- കേസ് വിവരം

കോവിഡ് സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി ഇന്നലെ (25-10-2020) പോലീസ് നടത്തിയ പരിശോധനയിൽ വിലക്ക് ലംഘനം നടത്തിയ 109 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 12 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 86 പേരിൽ നിന്നും സാമൂഹിക അകലം പാലിക്കാത്ത 5 പേരിൽ നിന്നുമായി 18,200/- രൂപ പിഴ ഈടാക്കി. കോവിഡ്

മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിച്ച 6 കടകൾക്കെതിരെയും ഇന്നലെ നിയമനടപടി സ്വീകരിച്ചു.

തിരുവനന്തപുരം സിറ്റി
25-10-2020

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി